യോഹ. 1:14-18

**2023 ജനുവരി 15**

## വചനസന്ദേശം

**ഫാ. ജോസഫ് പടിഞ്ഞാറെ പള്ളാട്ടിൽ**

# മോശയുടെ മതത്തിൽനിന്ന് ക്രിസ്തുമതത്തിലേക്ക്

ദനഹാക്കാലത്തിന്റെ രണ്ടാമത്തെ ഞായറാഴ്ചയിലേക്ക് നാം കടന്നിരിക്കുന്നു. ദൈവത്തിന്റെ സ്വയാവിഷ്കാരമാണ് ഈ ആരാധനക്രമ കാലഘട്ടത്തിലെ ധ്യാനവിഷയം. ''പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു.''

ക്രിസ്തുവിലാണ് ദൈവം തന്നെ പൂർണ്ണമായും വെളിപ്പെടുത്തിയത്. ''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം'' (യോഹ. 1:14). ഈ മഹത്വം യേശുവിലാണ് പൂർണ്ണമായും വെളിപ്പെട്ടത്. കൃപയുടെ പൂർണ്ണത ഈശോയാണ്. സത്യംതന്നെയായ ദൈവത്തിന്റെ പൂർണ്ണത ഈശോയാണ്. പിതാവിന്റെ ഏകജാതനാണ് ഈശോ. ചരിത്രത്തിൽ ഇങ്ങനെ സ്വയം വെളിപ്പെടുത്തിയ ദൈവത്തെ നമുക്ക് സ്വീകരിക്കാം. കൃപ നമുക്ക് സ്വന്തമാക്കാം. സത്യത്തിന്റെ പൂർണ്ണതയിലേക്ക് വളരാം.

ക്രിസ്തുവിന്റെ വരവാണ് യഹൂദമതവും ക്രിസ്തുമതവും തമ്മിലുള്ളവിടവും തുടർച്ചയും. ഇന്നത്തെ സുവിശേഷത്തിൽ ഈ രണ്ടു മതങ്ങളും തമ്മിലുള്ള വ്യത്യാസം യോഹന്നാൻ വെളിവാക്കുന്നു: ''നിയമം മോശവഴി നല്കപ്പെട്ടു. എന്നാൽ കൃപയും സത്യവുമാകട്ടെ യേശുക്രിസ്തുവഴി ഉണ്ടായി.'' യഹൂദമതം മോശയുടെ മതമാണ്. അതു നിയമങ്ങളുടെ മതമാണ്. എന്നാൽ ക്രൈസ്തവമതം യേശുവിന്റെ ജീവിതശൈലി സ്വീകരിച്ചിരിക്കുന്നവരുടെ മതമാണ്. അത് കൃപയുടെയും സത്യത്തിന്റെയും മതമാണ്. മോശയുടെ പിൻഗാമി നിയമാനുസരണത്തിലൂടെ നീതീകരിക്കപ്പെടുന്നു. ക്രിസ്ത്യാനി യേശുവിലൂടെയും കൃപയിലൂടെയും നീതീകരിക്കപ്പെടുന്നു. നിയമം പ്രവൃത്തിയിൽ അധിഷ്ഠിതമാണ്. എന്നാൽ കൃപ ദാനമാണ്. നിയമാനുസരണം അഹങ്കാരത്തിലേക്കു നയിക്കുന്നു. കൃപയിലുള്ള ആശ്രയം എളിമയിലേക്കു നയിക്കുന്നു. ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോയ ചുങ്കക്കാരൻ കൃപയിലൂടെ നീതീകരിക്കപ്പെട്ടവനായി. നിയമം അനുസരിച്ച ഫരിസേയൻ അഹങ്കാരത്തിലൂടെ തിരസ്ക്കരിക്കപ്പെട്ടു (ലൂക്കാ 18:9-14).

ഇന്നത്തെ ക്രിസ്തീയ ജീവിതശൈലികളെ നിരീക്ഷിക്കുമ്പോൾ അവ ഇപ്പോഴും ക്രൈസ്തവമായിട്ടുണ്ടോ എന്നത് സംശയത്തോടെ ചോദിക്കേണ്ട താണ്. നാം ഇപ്പോഴും യഹൂദമതത്തിൽ തന്നെ നിലനിൽക്കുന്നവരാണോ? യഥാർത്ഥ ക്രിസ്ത്യാനിയായി, കൃപയിൽ ആശ്രയിക്കുന്നവരായി നാം മാറിയിട്ടുണ്ടോ? നടത്തിയ ഭക്താഭ്യാസങ്ങളുടെ എണ്ണം പറഞ്ഞ് പ്രാർത്ഥിക്കുന്നവരും, പാലിച്ച നിയമങ്ങളുടെ കണക്കു നിരത്തി മേന്മ ഭാവിക്കുന്നവരും, ജീവിതത്തിന്റെ വീഴ്ചകൾ ദൈവത്തിന് ഉള്ള സ്നേഹം കുറയ്ക്കും എന്നു ചിന്തിക്കുന്നവരും മോശയെയാണോ ക്രിസ്തുവിനെയാണോ പിൻചെല്ലുന്നത്.